# ഹാകിമിയ്യ

ഭാഗം 2

# അക്വീദയില്ലാത്ത ഹുകുമത്തെ ഇലാഹി!!!

അബൂഹംന റാഷിദ് ഖലീൽ റഹ്മാൻ


ഇഖ്‌വാനി-ജമാഅത്തെ ഇസ്‌ലാമി സഖ്യത്തിന്റെ ഉൽപന്നമായ ഹാകിമിയ്യ എന്ന സംജ്ഞ ചില താത്പര്യങ്ങൾക്കുവേണ്ടി പുതുതായി ആവിഷ്കരിച്ചതാണ് എന്നതും, അതിന്റെ പ്രയോഗത്തെയും അതിലേക്കുള്ള പ്രബോധനത്തെയും ഒരു നിലക്കും അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതന്മാർ അനുകൂലിക്കുന്നില്ല എന്നതും ഇതിനകം നിങ്ങൾ വായിച്ചു കാണും.[1] ഹാകിമിയ്യ വാദത്തിലൂടെ അല്ലാഹുവിന്റെ ദീനിനെ ദുർവ്യാഖ്യാനം ചെയ്യുവാനും അതിലേക്ക് പ്രത്യേകമായി പ്രബോധനം ചെയ്യുന്നത് ദീനിന്റെ മുൻഗണനാ ക്രമത്തെ തകിടം മറിക്കുവാനും വാതിലുകൾ തുറന്നുകൊടുക്കലായിരിക്കും എന്ന കാര്യവും അതിലൂടെ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. അതിനെ ശരിവെക്കുന്ന ഒന്നാന്തരം തെളിവാണ് കെ.സി. അബ്ദുല്ല മൗലവിയുടെ താഴെയുള്ള ഉദ്ധരണിയിലെ അടിവരയിട്ട വരികൾ.

‘‘ഹാക്കിമിയത്തെ ഇലാഹ്, ഹാകിമിയത്തുല്ലാഹ്, ഹുകുമത്തെ ഇലാഹി, അൽഹുകൂമത്തുൽ ഇലാഹിയ, ലാ ഹാകിമ ഇല്ലല്ലാഹ് തുടങ്ങിയ വാക്കുകളിൽ പൊതുവെ അറിയപ്പെടുന്ന ഈ ആശയം സയ്യിദ് മൗദൂദി ആവിഷ്കരിച്ചതും സയ്യിദ് ഖുതുബ് പിൻബലം നല്കിയതും നവീന ഇസ്ലാമിസ്റ്റുകൾ പ്രചരിപ്പിക്കുന്നതും **ഇറാനിൽ നടപ്പിൽ വരുത്തിയതും** പാകിസ്ഥാൻ, ഈജിപ്ത് തുടങ്ങിയ മുസ്ലിം നാടുകളിൽ നടപ്പിലാക്കാൻ ഇസ്ലാമിസ്റ്റുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പുതിയ ആശയമാണ്’’ (കെ. സി. അബ്ദുല്ല മൗലവി, ഇബാദത്ത് ഒരു സമഗ്രപഠനം, പരിഷ്കരിച്ച 2ാം പതിപ്പ്, പേജ് 75)

ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനുൽ മുസ്‌ലിമൂനും പരിചയപ്പെടുത്തുന്ന ഹാകിമിയ്യ ഇറാനിൽ നടപ്പിലാക്കിയിട്ടുണ്ട് എന്നാണ് അവരുടെ വാദം. അതുകൊണ്ട് തന്നെ അവരുടെ പ്രസംഗങ്ങളിലും പ്രസിദ്ധീകരണങ്ങളിലും അതിരുവിട്ട ഭ്രമമാണ് ഇറാനിനോട് അവർ പ്രകടിപ്പിക്കാറുള്ളത്. ഇറാനെതിരെയോ അല്ലെങ്കിൽ അവിടുത്തെ ശീഈ വിശ്വാസത്തെയോ ആരെങ്കിലുമൊന്നെതിർത്താൽ അതിനെ പ്രതിരോധിക്കാൻ ആദ്യം മുമ്പിലെത്തുക ഇവരായിരിക്കും എന്നത് എന്തുമാത്രം കൂറ് അവർക്ക് ഇറാനികളുടെ ആദർശത്തോട് ഉണ്ട് എന്നത് വ്യക്തമാക്കുന്നു. അതോടൊപ്പം, അറബ് നാടുകളിലുള്ള സലഫി പണ്ഡിതന്മാർ ഇവർ പ്രചരിപ്പിക്കുന്ന ഹാകിമിയ്യ വാദം അംഗീകരിക്കുന്നവരാണെന്ന കളവ് വ്യാപകമായി ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിക്കുന്നതായും കാണാം. പ്രസ്തുത വാദങ്ങളെല്ലാം വ്യക്തമായ

[1] പ്രസ്തുത ലേഖനം http://salafivoice.com/articles/Hakimiyyah_1_Salafi_Pandithanmarkku_Parayanullathu.pdf സന്ദർശിച്ചാൽ ലഭിക്കുന്നതാണ്.

നുണയും മതിയായ ആദർശത്തിന്റെ പോരായ്മയാണെന്നും ഇൻശാ അല്ലാഹ്, ഈ ലേഖനം വായിച്ചാൽ ബോധ്യമാകും. വാസ്തവത്തിൽ, കേരളത്തിലെ മുജാഹിദുകളുടെ വീക്ഷണം തന്നെയാണ് അറബ് നാടുകളിലുള്ള സലഫികളുടെയും വീക്ഷണം. കാരണം ഇരുകൂട്ടരും ഖുർആനിനെയും സുന്നത്തിനെയും (സന്മാർഗത്തിനായുള്ള സ്രോതസ്സിൽ) മനസ്സിലാക്കുന്നതിൽ അവലംബിക്കുന്നത് സച്ചരിതരായ സലഫുകളെയാണ്; അവരാകട്ടെ ഇസ്‌ലാമിനെ പ്രകാശമാനമാക്കുന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ നെടും തൂണുകളാണ്. അവർക്കൊരിക്കലും നബി(ﷺ) പഠിപ്പിച്ച അഖീദയുടെ (വിശ്വാസ കാര്യങ്ങളിൽ) വിഷയത്തിൽ വിട്ടുവീഴ്ച ചെയ്യുവാൻ കഴിയുകയില്ല, സുന്നത്തിന്റെ വിഷയത്തിൽ ചെറിയ മാറ്റം വരുത്താവുന്ന സമീപനം സ്വീകരിക്കാൻ സാധിക്കുകയില്ല, അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബത്തിനെ ആക്ഷേപിക്കുന്നവരുമായി കൈകോർക്കുവാനും തരമില്ല. എന്നാൽ ഇതിൽ നിന്നും ബഹുദൂരം അകലെയാണ് ജമാഅത്തെ ഇസ്‌ലാമി. അഖീദയിലും മൻഹജിലുമെല്ലാം ശീഈഔകളോട് വല്ലാത്ത അഭിനിവേശമാണ്. അതിന്റെ ഒരുദാഹരണമാണ് പ്രബോധനം മുജീബിന്റെ താഴെയുള്ള ഫത്‌വാ:



പ്രബോധനം
വാരിക
PRABODHANAM Malayalam Weekly

വാല്യം 14 ● '80 സപ്തംബർ 13 ● 1400 ദുൽഖഅദ് 3 ● ലക്കം 35

ചോദ്യം: ഇന്ത്യയിലെ ജനാധിപത്യവും ഇറാനിലെ ജനാധിപത്യവും തമ്മിലുള്ള അന്തരം എന്താണ്?

ഉത്തരം: ഇറാനിലെ ജനാധിപത്യ വ്യവസ്ഥയിൽ പരമാധികാരം ദൈവത്തിനാണ്. ദൈവിക നിയമങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ നിർമ്മിക്കാൻ ജനപ്രതിനിധികൾക്കവകാശമില്ല എന്നാൽ ഇന്ത്യയിലെ പ ശ്ചാത്യ മോഡൽ ജനാധിപത്യ വ്യവസ്ഥിതിയിൽ പരമാധികാരം ജനങ്ങൾക്കാണ്. ഇതാണ് രണ്ടും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരം.

ചോദ്യോത്തരം
മുജീബ്

എങ്ങനെയുണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശം; ഖുമൈനി നയിച്ച വിപ്ളവം വഴി ഇറാനിൽ ഹാകിമിയ്യ നടപ്പിൽ വരുത്തിയെന്നും, അവിടുത്തെ പരമാധികാരം ദൈവത്തിനാണ് എന്നും ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിക്കുമ്പോൾ ഹാകിമിയ്യ വാദം വഴി അല്ലാഹുവിന്റെ ദീനിനെ ദുർവ്യാഖ്യാനം ചെയ്യുവാനും ദീനിന്റെ മുൺഗണനാ ക്രമത്തെ തകിടം മറിക്കുവാനുമായിരിക്കും അതുപകരിക്കുക എന്ന സലഫികളുടെ താക്കീത് പ്രസക്തമാകുകയാണ് ഇവിടെ. അതിന്റെ ഗൗരവം ഒന്നു കൂടി മനസ്സിലാകുവാൻ ശൈഖ് സ്വാലിഹ് അൽ ഫൗസാൻ (حَفِظَهُ الله) ഇവ്വിഷയകമായി ബന്ധപ്പെട്ടു നല്കിയ ഒരു ഉദ്ധരണി കാണുക.

**ക്വുർആനും സുന്നത്തുമനുസരിച്ച് വിധിക്കുന്നതിനെ കുറിച്ച് ശൈഖ് ഫൗസാൻ** (حَفِظَهُ الله)

ശൈഖ് ഫൗസാൻ പറയുന്നു:

**وجوب تحكيم الكتاب والسنة في كل المنازعات، لا في بعضها دون بعض، فيجب تحكيمها في أمر العقيدة، وهذا أهم شيء، وفي المنازعات الحقوقية بين الناس، وفي المنازعات المنهجية والمذاهب والمقالات، وفي المنازعات الفقهية: ﴿ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ ﴾ أما الذي يريد أن يأخذ جانبا فقط، ويترك ما هو أهم منه، فهذا ليس تحاكما إلى كتاب الله.**

**فما يقوله دعاة الحاكمية اليوم ويريدون تحكيم الشريعة في أمور المنازعات الحقوقية، ولا يحكمونها في أمر العقائد، ويقولون: الناس أحرار في عقائدهم، يكفي أنه يقول: أنا مسلم، سواء كان رافضيا أو كان جهميا أو معتزليا، أو . أو . إلى آخره، "نجتمع على ما اتفقنا عليه، ويعذر بعضنا بعضا فيما اختلفنا فيه" هذه القاعد التي وضعوها، ويسمونها: القاعدة الذهبية . وهي في الحقيقة: تحكيم للكتاب في بعض، وترك له فيما هو أهم منه، لأن تحكيم الشريعة في أمر العقيدة أعظم من تحكيمها في شأن المنازعات الحقوقية ، فتحكيمها في أمر العقيدة وهدم الأضرحة ومشاهد الشرك، ومقاتلة المشركين حتى يؤمنوا بالله ورسوله، هذا أهم.**

**فالذي إنما يأخذ جانب الحاكمية فقط ويهمل أمر العقائد، ويهمل أمر المذاهب والمناهج التي فرقت الناس الآن، ويهمل أمر النزاع في المسائل الفقهية، ويقول: أقوال الفقهاء كلها سواء، نأخذ بأي واحد منها دون نظر إلى مستنده . فهذا قول باطل، لأن الواجب أن نأخذ بما قام عليه الدليل، فيحكم كتاب الله في كل المنازعات العقدية، وهذا هو الأهم، والمنازعات الحقوقية، والمنازعات المنهجية، والمنازعات الفقهية ﴿ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ ﴾ هذا عام ﴿ وَمَا ٱخۡتَلَفۡتُمۡ فِيهِ مِن شَيۡءٖ فَحُكۡمُهُۥٓ إِلَى ٱللَّهِۚ ﴾ هذا عام أيضا.**

**وهؤلاء الذين جعلوا الحاكمية بدل التوحيد غالطون، حيث أخذوا جانبا وتركوا ما هو أعظم منه، وهو العقيدة، وتركوا ما هو مثله – أو هو أعظم منه – وهو المناهج التي فرقت بين الناس، كل جماعة لها منهج، كل جماعة لها مذهب، لم لا نرجع إلى الكتاب والسنة ونأخذ المنهج والمذهب الذي يوافق الكتاب والسنة ونسير عليه.**

**والحاصل؛ أن تحكيم الكتاب والسنة يجب أن يكون في كل الأمور، لا في بعضها دون بعض، فمن لم يحكم الشريعة في كل الأمور كان مؤمنا ببعض الكتاب وكافرا ببعض شاء أم أبى، ﴿ أَفَتُؤۡمِنُونَ بِبَعۡضِ ٱلۡكِتَٰبِ وَتَكۡفُرُونَ بِبَعۡضٖۚ ﴾**

ഏത് തരം അഭിപ്രായഭിന്നതയാണെങ്കിലും അത് ക്വുർആനും സുന്നത്തും അനുസരിച്ചാണ് വിധിതേടേണ്ടത്. ഏതെങ്കിലും ചിലതിനെ മാറ്റിനിർത്തിക്കൊണ്ട് മറ്റു ചിലതിൽ മാത്രം സ്വീകരിക്കേണ്ട നയമല്ല ഇത്. അതിനാൽ, അക്വീദയുടെ വിഷയത്തിൽ ക്വുർആനും സുന്നത്തും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തീർപ്പുകൽപ്പിക്കണം. ഇതാണ് പരമപ്രധാനം. മനുഷ്യർക്കിടയിലുള്ള തർക്കങ്ങളുടെ വിഷയത്തിലും, മനുഷ്യാവകാശങ്ങളിലുള്ള തർക്കത്തിലും മൻഹജിയായ വിഷയത്തിലും മദ്ഹബിന്റെ വിഷയത്തിലും പ്രാസ്ഥാനിക വിഷയത്തിലും കർമ്മശാസ്ത്രപരമായ തർക്കത്തിലും ക്വുർആനിലേക്കും സുന്നത്തിലേക്കുമാണ് വിധിതേടേണ്ടത്. ''ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.'' (നിസാഅ്: 59). എന്നാൽ, ഒരു ഭാഗം മാത്രം സ്വീകരിക്കുകയും അതിനേക്കാൾ സുപ്രധാനമായത് ഒഴിവാക്കുകയും ചെയ്യുന്നവൻ: അവന്റെ ചെയ്തി, അതൊരിക്കലും അല്ലാഹുവിന്റെ കിതാബിലേക്ക് വിധി തേടൽ അല്ലേ അല്ല!

തുടർന്നുകൊണ്ട് ശൈഖ് പറയുന്നു:

എന്നാൽ, ഇന്ന് ഹാകിമിയ്യത്ത് വാദക്കാർ ചെയ്യുന്നതെന്താണ്? (മനുഷ്യരുടെ) അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രമാണ് അവർ ശരീഅത്തിലേക്ക് വിധിതേടുന്നത്. അക്വീദയുടെ വിഷയത്തിൽ അവർ സ്വതന്ത്രരാണ്. എന്നിട്ട് അവർ പറയുകയും ചെയ്യും, "(വിശ്വാസകാര്യങ്ങളിൽ ഇഷ്ടമുള്ളത് വിശ്വസിച്ചു കൊള്ളുവാൻ). 'ഞാൻ മുസ്‌ലിമാണ്' എന്നവൻ പറഞ്ഞാൽ മതി; അവൻ റാഫിദിയോ, ജഹ്മിയോ, മുഅ്തസിലിയാ, ആരായാലും ശരി." കൂടാതെ, ''അഭിപ്രായ വ്യത്യാസമില്ലാത്ത വിഷയങ്ങളിൽ നമുക്ക് യോജിക്കുകയും, അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളിൽ പരസ്പരം ഒഴിവ്കിഴിവ് അന്വേഷിക്കുകയും ചെയ്യാം'' എന്നത് ഇവർ ആസൂത്രണം ചെയ്ത തത്വമാണ്. അതിനെ അവർ 'സുവർണ്ണതത്വം' എന്ന് വിളിക്കുന്നു. ആ തത്വമാകട്ടെ, ചില വിഷയങ്ങളിൽ മാത്രം ക്വുർആനിലേക്ക് വിധിതേടുകയും, അതിനേക്കാൾ പരമപ്രധാനമായ മറ്റു വിഷയങ്ങളിൽ ക്വുർആനിനെ അവഗണിക്കുകയും ചെയ്യുന്ന ഒന്നാണ് കാരണം (ജനങ്ങളുടെ) അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശരീഅത്തനുസരിച്ച് വിധിക്കുന്നതിനേക്കാൾ പ്രധാനമാണല്ലോ അക്വീദയുടെ വിഷയത്തിൽ വിധി നടത്തുന്നത്. അക്വീദയുടെ വിഷയത്തിലും ജാറങ്ങൾ നിരപ്പാക്കുന്നതിലും ശിർക്കിന്റെ വേദികൾ തകർക്കുന്ന വിഷയത്തിലും, മുശ്‌രിക്കുകൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നത് വരെ അവരുമായി ധർമ്മസമരത്തിൽ ഏർപ്പെടുന്ന വിഷയത്തിലും ശരീഅത്തിലേക്ക് വിധിതേടുകയാണ് വേണ്ടത്. അതാണ് ഏറ്റവും പ്രധാനം.

ശൈഖ് പറയുന്നു:

ഹാകിമിയ്യത്തിന്റെ ഏതെങ്കിലും ഒരു വശം മാത്രം സ്വീകരിച്ച്, ജനങ്ങൾ ഭിന്നിച്ചതായ പ്രധാന കാരണങ്ങളായ അക്വീദ, മദ്ഹബ്, മൻഹജ്, ഫിക്വ്ഹ്, തുടങ്ങിയ വിഷയങ്ങളൊക്കെ അവഗണിക്കുന്നു. കർമശാസ്ത്രപരമായ വിഷയത്തിലെ തർക്കത്തിൽ അവർ പറയും, 'ഫുക്വഹാക്കളുടെ വാക്കുകളെല്ലാം ഒരേ പദവിയിലുള്ളതാണ്. അതിലേതെങ്കിലുമൊന്ന് നാം സ്വീകരിക്കും തെളിവ് നോക്കേണ്ടതില്ല' ഇത് നിരർത്ഥകമായ ഒരു വർത്തമാനമാണ്. എന്തെന്നാൽ, തെളിവ് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് സ്വീകരിക്കലാണ് നമ്മുടെ ബാധ്യത. വിശ്വാസകാര്യങ്ങളിൽ ക്വുർആനനുസരിച്ചാണ് വിധിതേടേണ്ടത്. അതാണ് ഏറ്റവും പ്രധാനം.

(മനുഷ്യരുടെ) അവകാശങ്ങൾ, മൻഹജ്, ഫിക്ഹ്, തുടങ്ങിയ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോഴും ക്വുർആനനുസരിച്ച് തീർപ്പു കൽപ്പിക്കണം. "ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ" (സൂറ. നിസാഅ്: 59) എന്നാണ് അല്ലാഹു പറഞ്ഞത്. അതായത് പൊതുവായി ഏത് വിഷയത്തിലും. മറ്റൊരിടത്ത്, "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പു കൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു." (സൂറ. ശൂറാ: 10) ഇതും പൊതുവിലാണ്.

തൗഹീദിന് ബദലായിക്കൊണ്ട് ഹാകിമിയ്യത്തിനെ അവതരിപ്പിക്കുന്നവർ വ്യക്തമായ പിഴവിലാണ്. അതിലെ ഒരു വശം മാത്രം സ്വീകരിച്ച്, സുപ്രധാനമായ അക്വീദയെ അവഗണിക്കുകയാണവർ ചെയ്യുന്നത്. അതു മാത്രമല്ല, അതിന് തുല്യമായ മറ്റു പലതിനെയും അവർ അവഗണിച്ചു. ഉദാഹരണത്തിന്, ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയ മൻഹജുകൾ. എല്ലാ വിഭാഗത്തിനും അവരുടേതായ മൻഹജുണ്ട്. എല്ലാ വിഭാഗത്തിനും അവരുടേതായ മദ്ഹബുമുണ്ട്. എന്തു കൊണ്ട് നമുക്ക് ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങി, അവയോട് യോജിച്ച മൻഹജും മദ്ഹബും സ്വീകരിച്ച് അതിലൂടെ സഞ്ചരിച്ചു കൂടാ?

ചുരുക്കത്തിൽ, എല്ലാ കാര്യത്തിലും ക്വുർആനും സുന്നത്തിലേക്കും വിധിതേടൽ നിർബന്ധമാണ്; ഏതെങ്കിലും ചിലതിനെ ഒഴിവാക്കി മറ്റു ചിലതിൽ മാത്രമല്ല. അതിനാൽ, മുഴുവൻ കാര്യങ്ങളിലും ശരീഅത്തനുസരിച്ച് തീർപ്പു കൽപ്പിക്കാത്തവൻ വേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് അവിശ്വസിക്കുകയുമാണ് ചെയ്യുന്നത്; അവനത് ഉദ്ദേശിച്ചാലും ഇല്ലെങ്കിലും ശരി. അല്ലാഹു പറയുന്നു, "നിങ്ങൾ വേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് തള്ളിക്കളയുകയുമാണോ?" (സൂറ. ബക്വറ: 85)

*(കിതാബുത്തൗഹീദിന്റെ വിവരണമായ إعانة المستفيد بشرح كتاب التوحيد എന്ന ഗ്രന്ഥത്തിൽ)*

എത്ര ഗൗരവമായാണ് ശൈഖ് കാര്യങ്ങൾ വ്യക്തമാക്കിയത്. വിശ്വാസ കാര്യങ്ങളിൽ അടിസ്ഥാനമുറക്കാതെ എങ്ങിനെയാണ് അല്ലാഹുവിന്റെ ദീൻ നടപ്പിൽ വരുത്തുക. ജമാഅത്ത് ഇഖ്‌വാനീ സംഘങ്ങൾ അക്വീദ പരിഗണിക്കാതെ, അല്ലാഹുവിന്റെ ഹുക്മ് സ്ഥാപിക്കുവാനുള്ള വിചിത്രമായ പരിശ്രമത്തിലാണ്. അല്ലാഹുവിന്റെ ദീനിന്റെ അടിത്തറയായ വിശ്വാസ കാര്യങ്ങളിലും അതുൾകൊള്ളേണ്ട രീതിശാസ്ത്രത്തിലും ഇവർക്ക് അശ്രദ്ധയാണ്. അതുകൊണ്ടുതന്നെ സലഫികൾ ജമാഅത്തെ ഇസ്‌ലാമിയോട് ആദർശപരമായി വളരെ അകന്നുനിൽക്കുന്നു. താഴെയുള്ള ഫത്‌വ അതിന്റെ യുക്തമായ തെളിവാണ്.

**അക്വീദയാണോ ആദ്യം അതല്ല ഹാകിമിയ്യത്തോ?**

**س : هل العقيدة أولا أم الحاكمية ؟**

ചോ: അക്വീദയാണോ ആദ്യം അതല്ല ഹാകിമിയ്യത്തോ?

ج : أول ما يجب على المسلم معرفة العقيدة الصحيحة والتمسك بها ، قال الله –تعالى– ﴿ فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسۡتَغۡفِرۡ لِذَنۢبِكَ وَلِلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِۗ ﴾ [محمد : 19]، ولذلك كان الرسل –عليهم الصلاة والسلام– أول ما يبدؤون في دعوة الناس إلى العقيدة الصحيحة ، وهي عبادة الله وحده لا شريك له ، كما قال الله –تعالى– :﴿ وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَۖ ﴾ [النحل : 36]. والحاكمية جزء من العقيدة ، وليست هي العقيدة وحدها.

وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم.

اللجنة الدائمة للبحوث العلمية والإفتاء

عضو: بكر أبو زيد عضو: صالح الفوزان عضو: عبد العزيز آل الشيخ الرئيس: عبد العزيز بن عبد الله بن باز

മറുപടി: ''ഒരു മുസ്‌ലിമിന്റെ മേലുള്ള ഒന്നാമത്തെ ബാധ്യത ശരിയായ അകീ്വദയെ കുറിച്ച് അറിയലും അതിനെ മുറുകെ പിടിക്കലുമാണ്. അല്ലാഹു പറഞ്ഞു, "ആകയാൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനംതേടുക.)" (സൂറ. മുഹമ്മദ്: 19) ഈയൊരു കാരണം കൊണ്ടാണ്, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യണമെന്ന ശരിയായ അകീ്വദയിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രവാചകൻമാർ തങ്ങളുടെ പ്രബോധനം ആരംഭിച്ചത്. അല്ലാഹു പറഞ്ഞു, "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)" (സൂറ. നഹ്ൽ: 36). ഹാകിമിയ്യത്ത് അകീ്വദയുടെ ഭാഗമാണ്; എന്നാൽ, അതു മാത്രമല്ല അകീ്വദ. ''

അല്ലാഹു അവതരിപ്പിച്ചതിനനുസരിച്ച് വിധിക്കുക എന്നത് അകീ്വദയുടെ ഭാഗമാണ്. എന്നാൽ അതുമാത്രമല്ല അകീ്വദ എന്നുള്ള ലജ്നതുദ്ദാഇമയുടെ അഭിപ്രായം വളരെ ഗൗരവമർഹിക്കുന്നതാണ്. ഖുമൈനിയുടെ നേതൃത്വത്തിൽ നടന്ന വിപ്ളവം വഴി ഇറാനിൽ ഹാകിമിയ്യത്ത് നടപ്പിൽ വരുത്തി എന്നു പറയുന്നവർ അവരുടെ പിഴച്ച അകീ്വദ എന്തുകൊണ്ട് പരിഗണിക്കുന്നില്ല. പ്രപഞ്ചത്തിന്റെ നിയന്ത്രണാധികാരത്തിൽ ഇമാമുകൾക്ക് പങ്കുണ്ടെന്ന് വാദിക്കുന്ന ഖുമൈനിയുടെ വിശ്വാസം അർറുബൂബിയ്യത്തിൽ അല്ലാഹുവിൽ പങ്കുചേർക്കലാണെന്ന് പഠിപ്പിക്കാതെ അവർ നയിച്ച വിപ്ളവത്തെ ഇസ്‌ലാമിക വിപ്ളവം എന്ന് ഉത്ഘോഷിക്കാൻ ജമാഅത്തിനു കഴിഞ്ഞത് ജമാഅത്തിന്റെ അകീ്വദ ശരിയല്ലാത്തതു കൊണ്ടാണ്. ഇറാനിലെ മുക്കിലും മൂലയിലുമെല്ലാം ശവകുടീരങ്ങൾ കെട്ടിപ്പൊക്കി മരിച്ചു മൺമറഞ്ഞുപോയവരോട് നേർക്കുനേരെ പ്രാർത്ഥിക്കുന്ന ഖുമൈനികൾ അൽഉലൂഹിയ്യത്തിൽ അല്ലാഹുവിൽ പങ്കുചേർക്കലാണതെന്ന് ഉണർത്താതെ അവരുടെ പക്കലുള്ള ഹാകിമിയ്യയാണ് അറബ് നാടുകളിലുള്ള സലഫികളുടെ പക്കലുള്ളതെന്നു പ്രഖ്യാപിക്കുന്നത് എന്തുമാത്രം വങ്കത്തമാണ്; ജമാഅത്തിന്റെ അകീ്വദ പറ്റേ മോശമായതുകൊണ്ട് തന്നെയാണ് ഇങ്ങനെയും

അവർ പ്രഖ്യാപിക്കുന്നത്. 'അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്നത് ഈമാനിന്റെ ഏറ്റവും ശ്രേഷ്ടകരമായ സവിശേഷതകളിൽ പെട്ടതാണ്'[2] എന്ന് സലഫുകൾ ഓർമ്മപ്പെടുത്തിയ അവസ്ഥയിലേക്ക് ജമാഅത്തെ ഇസ്ലാമിക്ക് എത്താൻ സാധിക്കാത്തത് അതുകൊണ്ടാണ്. കാരണം, അകീദയിൽ അടിയുറച്ചു നിന്നുകൊണ്ട് അല്ലാഹുവിന്റെ ദീനിനനുസൃതമായി ഭരണം നിർവ്വഹിക്കുകയും, തൗഹീദു അർറുബൂബിയ്യയും തൗഹീദു അൽഉലൂഹിയ്യയും തൗഹീദു അൽഅസ്മാഉ വസ്സിഫാത്തുമെല്ലാം പരിഗണിക്കുകയും, അതിൽ നിന്നുള്ള വ്യതിയാനത്തെ ഗൗരവമായി എടുക്കുകയും ചെയ്യുന്നവരോട് അങ്ങേയറ്റത്തെ പുച്ഛമാണ് ഇവർക്കുള്ളത്. അത് വ്യക്തമാക്കുന്നതാണ് പ്രബോധനം മുജീബിന്റെ താഴെയുള്ള ഫത്‌വാ:


പ്രബോധനം വാരിക

PRABODHANAM Malayalam Weekly

വാല്യം 20 ★ 1986 ജൂലായ് 12 ★ 1406 ദുൽഖഅ്ദ് 5 ★ ലക്കം 19

**ചോ:** ഖുമൈനിയെയും ഇറാനെയും ശാപപ്രാർത്ഥന നടത്തുന്ന സൗദി മിമ്പറുകളെക്കുറിച്ച് എന്തു പറയുന്നു?

**ഉ:** ഇവരുടെ ശാപ പ്രാർത്ഥനകൊണ്ട് ദുനിയാവിൽ വല്ലതും സംഭവിക്കുമായിരുന്നുവെങ്കിൽ, ഇസ്രായേൽ എന്നേ മധ്യധരണ്യാഴിയിൽ മുങ്ങിപ്പോവുമായിരുന്നു! ഖുമൈനിക്കും ഇറാനുമെതിരെ ശാപപ്രാർത്ഥന പൊഴിയുമ്പോൾ ഉള്ളം ഭീതികൊണ്ട് പിടയുകയാണെന്ന രഹസ്യം ആർക്കാണറിയാത്തത്?

ചോദ്യോത്തരം

മുജീബ്

[2] *ഇമാം അഹ്മദ് ഇബ്നുഹമ്പൽ رحمه الله, ത്വബഖാതുൽ ഹനാബില 2/275*

തൗഹീദിന്റെ എല്ലാ മേഖലകളിലും വഴിപിഴച്ച ആദർശം പേറി നടക്കുന്ന ശിയാ ഗവൺമെന്റിനോടുള്ള ജമാഅത്തിന്റെ സ്നേഹാദരവാണ് നമ്മൾ മുകളിൽ വായിച്ചത്. ലോകത്തിലുള്ള മുസ്ലിം മസ്തിഷ്കങ്ങളിൽ ഈ രൂപത്തിലുള്ള പ്രചാരവേല നടപ്പിലാക്കാൻ ജമാഅത്ത്-ഇഖ്വാനീ സഖ്യം ആവുംവിധം ശ്രമിച്ചിട്ടുണ്ട്, ശ്രമിക്കുന്നുമുണ്ട്. എന്നാൽ, ഇറാനിൽ നടപ്പിൽ വരുത്തി എന്ന് ജമാഅത്ത് പുകഴ്ത്തിപ്പാടുന്ന ഹാകിമിയ്യ തൗഹീദുമായി യാതൊരു യോജിപ്പുമില്ലാത്തതാണെന്ന് ശക്തമായി വാദിക്കുന്നവരാണ് സലഫി പണ്ഡിതർ. മേൽസൂചിപ്പിച്ച ജമാഅത്ത്-ഇഖ്വാനീ പ്രചാരണത്തിന് തടയിടാൻവേണ്ടി നൈജീരിയയിലുള്ള ഒരു സഹോദരൻ സൗദി അറേബ്യയിലെ പണ്ഡിത സഭയായ ലജ്നതുദ്ദാഇമയുടെ മുമ്പാകെ ഇവ്വിഷയം സമർപ്പിക്കുകയും അതിന് അവർ നൽകിയ മറുപടിയും സലഫികളുടെ ആദർശത്തിലുള്ള ദൃഢതയാണ് വ്യക്തമാക്കുന്നത്. അത് കണ്ടോളു:

**ഇറാനിൽ ഹാകിമിയ്യത്ത് സ്ഥാപിച്ചെന്നൊ?**

**فتوى رقم( 11461 )**

**س: لقد انتشر في بلاد نيجيريا حب آية الله خميني وثورته الشيعية الإيرانية في شباب المسلمين، ويرى هؤلاء الشباب أنه لا يوجد لدى العالم الإسلامي دولة تحكم بما أنزل الله إلاَّ الدولة الإيرانية ولا يوجد رئيس دولة مسلم إلاَّ آية الله خميني ، والآن بدأت دعوتهم تنتشر في نيجيريا لذلك نرجو منكم توضيحًا كافيًا عن حقيقة الشيعة الإيرانية ورئيس هذه الدولة آية الله خميني وما يدعو ليه وإن شاء الله إذا وجدنا ذلك سنحاول ترجمته بلغتنا الهوسا واللغة الإنجليزية حتى نتخلص من هذه العقيدة في بلادنا؛ لأن الجمهورية الإيرانية يرسلون للمسلمين في نيجيريا كتبًا كثيرة في كل شهر فأفتونا جزاكم الله خيرًا وبارك الله فيكم.**

**<u>ചോദ്യം:</u>** നൈജീരിയയിലുള്ള ഇന്നത്തെ മുസ്ലിം യുവാക്കൾ ആയത്തുല്ല ഖുമൈനിയോടും അദ്ദേഹത്തിന്റെ ഇറാൻ വിപ്ലവത്തോടും സ്നേഹം പ്രകടിപ്പിക്കുന്നതായി കാണുന്നു. ഈ യുവാക്കൾ വാദിക്കുന്നത് ഇന്ന് മുസ്ലിം ലോകത്ത് ഇറാനല്ലാത്ത മറ്റൊരു നാടും അല്ലാഹുവിന്റെ നിയമങ്ങൾ നടപ്പിലാക്കുന്നില്ലെന്നും ആയത്തുല്ലാ ഖുമൈനി മാത്രമാണ് യഥാർത്ഥ മുസ്ലിം നേതാവ് എന്നുമാണ്. ഈ ആശയം നൈജീരിയയിലൊന്നാകെ ഇപ്പോൾ പ്രചരിച്ചു തുടങ്ങി. അതിനാൽ, ഇറാനിയൻ ശിയാക്കളെയും, അവരുടെ നേതാവായ ആയ ത്തുല്ല ഖുമൈനിയെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും കുറിച്ച് മതിയായ ഒരു വിശദീകരണം നിങ്ങളിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. അല്ലാഹു ഉദ്ദേശിക്കുക യാണെങ്കിൽ, ഈ വിശദീകരണം ഞങ്ങൾ ഞങ്ങളുടെ മാതൃഭാഷയായ ഹൗസയിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്നതാണ്. അതിലൂടെ ഞങ്ങളുടെ നാട്ടിലുള്ള ഇത്തരം വിശ്വാസങ്ങളെ തുടച്ചു നീക്കാൻ സാധിക്കും. എന്തെന്നാൽ, ഇറാനിൽ നിന്നും മാസം തോറും നൈജീരിയയിലെ മുസ്ലിംകൾക്ക് പുസ്തകങ്ങൾ ലഭിക്കാറുണ്ട്. നിങ്ങളുടെ ഉപദേശം ഞങ്ങൾ വിലമതിക്കുന്നു. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങൾക്ക് തക്കതായ പ്രതിഫലം നൽകുകയും ചെയ്യുമാറാകട്ടെ.

ج :ما زعمه هؤلاء الشبان من أنه لا يوجد في العالم الإِسلامي دولة تحكم بما أنزل الله إلاَّ الدولة الإِيرانية، ولا يوجد رئيس دولة مسلم إلاَّ آية الله الخميني - زعم باطل، بل كذب وافتراء، يشهد بذلك واقع الدولة الإِيرانية ورئيسها عقيدة وعلمًا، فإنالشيعية الإِمامية الاثني عشرية قد نقلوا في كتبهم عن أئمتهم أن القرآن الذي جمعه عثمان بن عفان رضي الله عنه عن طريق حفاظ القرآن من الصحابة محرفًا بالزيادة فيه والنقص منه وبتبديل بعض كلماته وجمله، وبحذف بعض آيات وسور منه يعرف ذلك من قرأ كتاب [فصل الخطاب في تحريف كتاب رب الأرباب] الذي ألفه حسين بن محمد تقي النوري الطبرسي في تحريف القرآن وأمثاله مما ألف انتصارًا للرافضة، ودعمًا لمذهبهم كـ[منهاج الكرامة ]لابن المطهر، كما أنهم يعرضون عن دواوين السنة الصحيحة كصحيحي البخاري ومسلم فلا يعتبرونها مرجعًا لهم في الاستدلال على الأحكام عقيدة وفقهًا، ولا يعتمدون عليها في تفسير القرآن وبيانه، بل استحدثوا كتبًا في الحديث وأصَّلوا لأنفسهم أصولاً غير سليمة يرجعون إليها في تمييز الضعيف في زعمهم من الصحيح، وجعلوا من أصولهم الرجوع إلى أقوال الأئمة الإِثني عشر المعصومين في زعمهم، فمن أين يكون لديهم من علم القرآن المتواتر والسنة الصحيحة، وقواعد الشريعة الثابتة وأحكامها ما يطبقون على قضايا أمتهم الإِيرانية التي يحكمونها؟! وكيف يقال مع ذلك: لا يوجد رئيس دولة مسلم إلاَّ آية الله الخميني وهو القائل في كتابه [الحكومة الإِسلامية] تحت عنوان الولاية التكوينية ص52: (إن للأئمة مقامًا محمودًا ودرجة سامية وخلافة تكوينية تخضع لولايتها وسيطرتها جميع ذرات هذا الكون وأن من ضروريات مذهبنا أن لأئمتنا مقامًا لا يبلغه ملك مقرب، ولا نبي مرسل). اهـ.

إن هذا لهو الكذب الفاضح والبهتان المبين وننصحك بقراءة كتاب [مختصر التحفة الاثني عشرية] للعلامة محمود شكري الألوسي ، ورسالة [الخطوط العريضة [لمحب الدين الخطيب ، وكتاب [منهاج السنة النبوية في نقض كلام الشيعة والقدرية] للعلامة الشيخ أحمد بن عبد الحليم بن تيمية، وكتاب [المنتقى من منهاج السنة [للذهبي.

وبالله التوفيق. وصلى الله على نبينا محمد، وآله وصحبه وسلم.

اللجنة الدائمة للبحوث العلمية والإِفتاء

الرئيس عبد العزيزبن باز

نائب رئيس اللجنة عبدالرزاق عفيفي

عضو عبدالله بن غديان

**<u>മറുപടി:</u>** അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്ന ഏക രാജ്യം ഇറാനാണെന്നും യഥാർഥ മുസ്‌ലിം നേതാവ് ആയത്തുല്ല ഖുമൈനി മാത്രമാണെന്നുമുള്ള ഈ യുവാക്കളുടെ വാദം വ്യാജവും ബാലിശവുമാണ്. ഇറാൻ എന്ന രാജ്യവും അവരുടെ നേതാക്കളുടെ വിശ്വാസസംഹിതയും പദ്ധതികളും അതിന് സാക്ഷിയാണ്. ഉദാഹരണത്തിന്, ക്വുർആൻ മനഃപാഠമാക്കിയ സ്വഹാബികളുടെ സഹായത്തോടെ ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ) ക്രോഡീകരിച്ച ക്വുർആനിന്റെ പ്രതി അപൂർണവും, വ്യാജവും, മാറ്റത്തിരുത്തലുകൾക്ക് വിധേയമായ താണെന്നും ശിആക്കളിലെ ഇഥ്നാ അശരിയ്യ വിഭാഗം തങ്ങളുടെ ഇമാമുകളിൽ നിന്നും രേഖപ്പെടുത്തുന്നു. ക്വുർആനിലെ ചില പദങ്ങളും വാചകങ്ങളും മാറ്റുകയും ചില ആയത്തുകളും സൂറത്തുകളും പാടെ ഒഴിവാക്കുകയും ചെയ്തതായി അവർ വാദിക്കുന്നു. ഇതു സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക്, ഹുസൈൻ ഇബ്നു മുഹമ്മദ് തഖ്യുന്നൂരി അത്തബ്‌രിസിയുടെ ''ഫസ്‌ലുൽ ഖിതാബ് ഫീ തഹ്‌രീഫി കിതാബി റബ്ബിൽ അർബാബ്'' എന്ന ഗ്രന്ഥം കാണുക. ക്വുർആനിൽ കൈകടത്തലുകൾ നടത്തിയിട്ടുണ്ടെന്ന് ഈ ഗ്രന്ഥത്തിലൂടെ ഗ്രന്ഥകർത്താവ് വാദിക്കുന്നു. ശിയാക്കളുടെ ആശയാദർശങ്ങളെ ന്യായീകരിക്കുന്ന ഇബ്നു മുത്വഹറിന്റെ ''മിൻഹാജുൽ കറാമഃ''യും അതുപോലെയുള്ള മറ്റു ഗ്രന്ഥങ്ങളും കാണുക. സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം തുടങ്ങിയ ആധികാരിക ഹദീഥ് ഗ്രന്ഥങ്ങളെ അവർ പുച്ഛത്തോടെയാണ് കാണുന്നത്. അക്വീദ(വിശ്വാസം) യുടെയും ഫിഖ്ഹി (കർമ്മശാസ്ത്രം) ന്റെയും വിഷയങ്ങളിൽ മതവിധികൾക്കുള്ള സ്രോതസ്സായി അവർ ഇവയെ പരിഗണിക്കാറില്ല. എന്തിനധികം, ക്വുർആൻ വ്യാഖ്യാനങ്ങളെയോ വിശദീകരണങ്ങളെയോ അവർ ആശ്രയിക്കാറില്ല. പകരം, പ്രാമാണികമല്ലാത്ത ഹദീഥ് ഗ്രന്ഥങ്ങളും അടിസ്ഥാനരഹിതങ്ങളായ തെളിവുകളുമാണ് ഈ വിഷയത്തിൽ അവരുടെ ആശ്രയം. കെട്ടിയുണ്ടാക്കിയ ഇത്തരം ഹദീഥ് ഗ്രന്ഥങ്ങളെ ആശ്രയിച്ചു കൊണ്ടാണ് അവർ സ്വഹീഹും ളഈഫും വേർതിരിക്കുന്നത്. കൂടാതെ, പാപസുരക്ഷിതരെന്ന് അവർ വാദിക്കുന്ന പന്ത്രണ്ട് ഇമാമുകളുടെ വാക്കുകളിലേക്ക് മടങ്ങുക എന്നത് അവരുടെ അടിസ്ഥാനങ്ങളിൽ പെട്ടതാണ്. അപ്പോൾ, ശരീഅത്ത് നിയമങ്ങളനുസരിച്ചു കൊണ്ട് ഇറാനിനെ നയിക്കാനാവശ്യമായ ക്വുർആനിലും, പ്രാമാണിക സുന്നത്തിലും, മറ്റു മതനിയമങ്ങളിലുമുള്ള അറിവ് അവർക്ക് എവിടെ നിന്ന് ലഭിക്കും? അതോടൊപ്പം, ആയത്തുൽ ഖുമൈനി മാത്രമാണ് യഥാർത്ഥ മുസ്‌ലിം നേതാവെന്ന് അവർ എങ്ങനെ വാദിക്കും? എന്തെന്നാൽ, അയാളാണ് ഒരിക്കൽ ഇപ്രകാരം പറഞ്ഞത്: ഇമാമുകൾക്ക് സ്തുത്യർഹമായ ഒരു സ്ഥാനവും, ഉയർന്ന പദവിയും സാർവ്വലൗകികമായ ഖിലാഫത്തുമുണ്ട്. ആ പദവിയുപയോഗിച്ച് ഈ പ്രപഞ്ചത്തിലെ അണുവിനെ പോലും നിയന്ത്രിക്കാൻ സാധിക്കും. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച മലക്കുകൾക്കോ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ദൂതന്മാർക്കാ എത്തിപ്പെടാൻ സാധിക്കാത്ത പദവിയാണ് നമ്മുടെ ഇമാമുകൾക്ക് നൽകപ്പെട്ടത് എന്ന ഈ വിശ്വാസം നമ്മുടെ അടിസ്ഥാനമാണ്.'' (''അൽ ഹുകൂമത്തുൽ ഇസ്‌ലാമിയ്യഃ'' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ ''അൽ വിലായതു അത്തക്‌വീനിയ്യഃ'', പേ:52, എന്ന തലക്കെട്ടിന് ചുവട്ടിൽ പരിശോധിക്കുക)

ഇതു വ്യാജവും കെട്ടിച്ചമച്ചതുമാണെന്നത് സ്പഷ്ടമാണ്. അല്ലാമ മഹ്മൂദ് ശുക്‌രി അൽ ആലൂസിയുടെ ''മുഖ്തസ്വർ അത്തുഹ്ഫ അൽ ഇഥ്നാ അശരിയ്യഃ'', മുഹിബ്ബുദ്ദീൻ അൽ ഖത്വീബിന്റെ ലേഖനമായ ''അൽ ഖുത്വൂത് അൽ അരീദ്വഃ'', ശൈഖ് അഹ്മദ് ഇബ്നു അബ്ദുൽ ഹലീം ഇബ്നു തൈമിയ്യയുടെ ''മിൻഹാജുസ്സുന്ന അന്നബവിയ്യ ഫീ നക്ദ്വി കലാമിശ്ശീഅഃ വൽ ഖദരിയ്യഃ'', ദഹബിയുടെ ''അൽ മുൻതക്വാ മിൻ മിൻഹാജുസ്സുന്നഃ'' എന്നീ ഗ്രന്ഥങ്ങൾ പരിശോധിക്കുക.

وبالله التوفيق. وصلى الله على نبينا محمد، وآله وصحبه وسلم.

(ലജ്നതുദ്ദാഇമ ലിൽ ബുഹൂഥി വൽ ഇഫ്താ, ചെയർമാൻ: അബ്ദുൽ അസീസ് ഇബ്നു അബ്ദില്ല ഇബ്നു ബാസ്, ഡെ. ചെയർമാൻ: അബ്ദുറസാഖ് അഫീഫി, മെമ്പർ: അബ്ദുല്ല അൽ ഗുദയാൻ)

ഉപരിസൂചിത ഫത്‌വയിൽനിന്നും താഴെയുള്ള കാര്യങ്ങൾ ഗ്രഹിക്കാവുന്നതാണ്:

- അല്ലാഹുവിന്റെ ശരീഅത്ത് പ്രകാരം വിധി നടപ്പിലാക്കുന്ന ഒരു രാജ്യമല്ല ഇറാൻ.
- ഇറാൻ ഭരണകൂടത്തിന്റെ (ശിഈകളുടെ) വിശ്വാസങ്ങളും അനുഷ്ഠാനങ്ങളുമായി ഇസ്ലാം യോജിക്കുന്ന ഒരു വിശേഷതയുമില്ല.
- ഖുർആനിലും സുന്നത്തിലുമുള്ള ആശയാദർശങ്ങൾക്ക് നേരെ വിപരീതമാണ് ഇറാൻ ഭരണകൂടത്തിന്റെ (ശിഈകളുടെ) വിശ്വാസം.
- ഇസ്‌ലാമിന്റെ വിശ്വാസാനുഷ്ഠാനങ്ങളെ കൃത്യമായി ക്രോഢീകരിച്ച ഹദീസ് ഗ്രന്ഥങ്ങളെ (വിശിഷ്യാ സ്വഹീഹ് ബുഖാരി, സ്വഹീഹ് മുസ്‌ലിം) തിരസ്കരിച്ചവരാണ് ഇറാൻ ഭരണകൂടം (ശിഈകൾ).

ഇതെല്ലാം പരിഗണിച്ചാൽ നമുക്ക് ഉറപ്പായ ഒരു തീരുമാനത്തിലെത്താൻ കഴിയും; അതായത്, ജമാഅത്ത്-ഇഖ്‌വാനീ സഖ്യം മുമ്പോട്ട് വെച്ചതും പ്രചരിപ്പിക്കുന്നതുമായ ഹാകിമിയ്യ സലഫീ പണ്ഡിതർ വിശദീകരിച്ച ഹാകിമിയ്യ അല്ല. കാരണം, ജമാഅത്തിന്റെ വീക്ഷണപ്രകാരമുള്ള ഹാകിമിയ്യ സയ്യിദ് മൗദൂദി ആവിഷ്കരിച്ചതും സയ്യിദ് ഖുതുബ് പിൻബലം നല്കിയതും ഇറാനിൽ നടപ്പിൽ വരുത്തിയതുമാണ്. പ്രസ്തുത 'ഹാകിമിയ്യയിൽ' തൗഹീദ്, മൻഹജ്, സുന്നത്ത് എന്നിവയൊന്നും പരിഗണിക്കുന്നേയില്ല; ഇക്കാരണത്താൽതന്നെ സലഫീ പണ്ഡിതർ വിശദീകരിച്ച ഹാകിമിയ്യയുമായി അതിന് ഒരു പുലബന്ധം പോലുമില്ല എന്ന് നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും. മാത്രവുമല്ല ഫിക്വ്ഹ് വിഷയങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ ക്വുർആനനുസരിച്ച് തീർപ്പു കൽപ്പിക്കുക എന്നത് ഇവർക്ക് പരിചയമില്ലാത്തതും ശാഖാപരമായതുമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ടുതന്നെ സലഫി പണ്ഡിതന്മാർ ഈ രാഷ്ട്രീയ മതത്തിന്റെ വക്താക്കളിൽ നിന്നും അത്യന്തം അകന്നാണ് നിൽക്കുന്നത്.

ഇനി ഒരു കാര്യം ജമാഅത്തുകാരിൽ ഒരുപക്ഷെ അവശേഷിക്കാം; ഇറാനിലെ ശിഈകളുടെ വിശ്വാസാനുഷ്ടാനങ്ങളൊന്നും കേരളത്തിലെ ജമാഅത്തുകാരിൽ പ്രകടമില്ലല്ലോ, ആയതിനാൽ ഇതൊന്നും തങ്ങൾക്ക് ബാധകമല്ല എന്ന്. എങ്കിൽ പറയുക, എന്തടിസ്ഥാനത്തിലാണ് ഇറാനിൽ ഹാകിമിയ്യ സ്ഥാപിച്ചു എന്ന് ജമാഅത്തെ ഇസ്‌ലാമി അഭിപ്രായപ്പെട്ടത്? ഇറാനിൽ ശിയാക്കൾ നടത്തിയ വിപ്ലവം ഇസ്‌ലാമിക വിപ്‌ളവമാണെന്നും,

അതുപോലെ ഖുമൈനിയെ ഇസ്‌ലാമിന്റെ വിപ്ലവ സാക്ഷ്യമായും നൂറ്റാണ്ടിന്റെ വ്യക്തി മുദ്രയായുമെല്ലാം ജമാഅത്തിന്റെ പ്രബോധനം അതിരുവിട്ട് പരിചയപ്പെടുത്തുമ്പോൾ (പ്രബോധനം വിശേഷാൽ പതിപ്പ്, 2004 ജൂൺ), ഒരു സത്യവിശ്വാസിയുടെ മനസ്സിലേക്ക് ആദ്യമായി കടന്നുവരിക എന്തായിരിക്കും?! ഹാകിമിയ്യയിൽ അഖീദക്ക് ഒരു പരിഗണനയും ജമാഅത്തുകാർ നൽകുന്നില്ല എന്നതുതന്നെയല്ലെ.!!!